# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.258 — 09/06/2014 ൽ മറുപടിക്ക്

## വിജിലൻസ് റെയ്ഡുകൾ സംബന്ധിച്ച വിവരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; വർഷം- തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതു വരെ സംസ്ഥാന വ്യാപകമായി വിവിധ സർക്കാർ വകുപ്പുകളിൻ കീഴിലുള്ള ഓഫീസുകളിലായി 33 വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>2011 – 13, 2012 – 12, 2013 – 07, 2014 – 01 |
| (ബി) വിവിധ സർക്കാർ വകുപ്പുകളിൽ വിജിലൻസ് നടത്തിയ റെയ്ഡുകളുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കുമോ ; | (ബി) അനുബന്ധം ആയി ചേർക്കുന്നു. |
| (സി) വിജിലൻസ് റെയ്ഡുകളിൽ അഴിമതി കണ്ടെത്തിയ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും വിവരം ലഭ്യമാക്കാമോ ; | സി) മേൽ വിവരിച്ച 33 വിജിലൻസ് റെയ്ഡുകളിൽ ഏകദേശം 1000-ൽ പരം ഓഫീസുകളും, സ്ഥാപനങ്ങളും അതിന്റെ ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു. |
| (ഡി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ ? | (ഡി) മേൽ വിവരിച്ച റെയ്ഡുകളിൽ അഴിമതി കണ്ടെത്തിയ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും, കാരണക്കാരായ ഉദ്യോഗസ്ഥർക്കുമെതിരെ വകുപ്പുതല നടപടി, വകുപ്പുതല അന്വേഷണം, സസ്പെൻഷൻ, സ്ഥലംമാറ്റം, വിജിലൻസ് അന്വേഷണം, വിജിലൻസ് കേസ്, സത്വരാന്വേഷണം, ഉചിതമായ നടപടി തുടങ്ങി വിവിധ ശുപാർശകളോടെയും, അഴിമതി തടയുന്നതിനുള്ള മറ്റു നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ട് വിജിലൻസ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച് വിജിലൻസ് അന്വേഷണം, സത്വരാന്വേഷണം, എന്നിവ ആവശ്യമുള്ള വിഷയങ്ങളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ആയതിലേക്കായി ഉത്തരവ് നൽകിയിട്ടുണ്ട്. വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്യുന്ന വകുപ്പുതല നടപടി, വകുപ്പുതല അന്വേഷണം, സസ്പെൻഷൻ, സ്ഥലം മാറ്റം, ഉചിതമായ നടപടികൾ എന്നിവയിൽ തുടർനടപടികൾ കൈക്കൊള്ളുന്നതിനായി റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കും അയച്ചു കൊടുത്തിട്ടുണ്ട്. കൂടാതെ അഴിമതി തടയുന്നതിന് ടി റിപ്പോർട്ടുകളിലൂടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുന്നോട്ടു വയ്ക്കുന്ന പൊതു നിർദ്ദേശങ്ങളിൻമേൽ മേൽനടപടികൾ സ്വീകരിക്കുന്നതിനും അതാത് വകുപ്പുകളെ ചുമതലപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2011 (മെയ് മുതൽ)

| | |
|---|---|
| 1 | കോർപ്പറേഷൻ ഓഫീസുകൾ |
| 2 | വില്ലേജ് ഓഫീസുകൾ |
| 3 | ട്രാഫിക് സ്റ്റേഷനുകൾ |
| 4 | വിദ്യുത്ച്ഛക്തി ബോർഡ് ഓഫീസുകൾ |
| 5 | ജല അതോറിറ്റി ഓഫീസുകൾ |
| 6 | ബോർഡർ ചെക്ക് പോസ്റ്റുകൾ |
| 7 | കോമേഴ്സ്യൽ ടാക്സ് ഓഫീസുകൾ |
| 8 | എക്സൈസ് |
| 9 | വിവിധ സർക്കാർ വകുപ്പുകളിൻ കീഴിലുള്ള ഓഫീസുകൾ |
| 10 | സർവ്വേ |
| 11 | ഗസ്റ്റ് ഹൗസസ് |
| 12 | ചെക്ക് പോസ്റ്റുകൾ |
| 13 | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ |

## 2012

| | |
|---|---|
| 1 | മുനിസിപ്പൽ ഓഫീസുകൾ |
| 2 | സപ്ലൈ ഓഫീസുകൾ/റേഷൻ ഡിപ്പോകൾ |
| 3 | ജല അതോറിറ്റി ഓഫീസുകൾ |
| 4 | സബ് രജിസ്ട്രാർ ഓഫീസുകൾ |
| 5 | പഞ്ചായത്ത് ഓഫീസുകൾ |
| 6 | പോലീസ് |
| 7 | ഡ്രഗ്സ് കൺട്രോളർ |
| 8 | ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ |
| 9 | വിവിധ സർക്കാർ വകുപ്പുകളിൻ കീഴിലുള്ള ഓഫീസുകൾ |
| 10 | നിർമ്മിതി കേന്ദ്രങ്ങൾ |
| 11 | താലൂക്ക് ഓഫീസുകൾ |
| 12 | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ |

## 2013

| | |
|---|---|
| 1 | വില്ലേജ്/അഗ്രികൾച്ചറൽ ഓഫീസുകൾ |
| 2 | പൊതുമരാമത്ത് വകുപ്പ് ഓഫീസുകൾ |
| 3 | സർക്കാർ ഡോക്ടർമാരുടെ വീടുകളിൽ |
| 4 | ജലസേചന വകുപ്പ് |
| 5 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
| 6 | കൺസ്യൂമർ ഫെഡ് |
| 7 | കോളീജിയറ്റ് എഡ്യൂക്കേഷൻ |

## 2014

| | |
|---|---|
| 1 | സർക്കാർ ക്വാർട്ടേഴ്സുകൾ |